(5) ഹെഡ് നേഴ്സ് അസിസ്റ്റന്റ് തസ്തിക അനുവദിക്കുക.

(6) പ്രമോഷൻ തസ്തികകൾക്ക് നേരിട്ട് നിയമനം അവസാനിപ്പിക്കുക- അർഹതപ്പെട്ടവർക്ക് പ്രമോഷൻ അനുവദിക്കുക.

(7) പ്രമോഷൻ സാദ്ധ്യത ഇല്ലാത്ത ജീവനക്കാർക്ക് ഗ്രേഡും തസ്തികമാറ്റവും അനുവദിക്കുക.

(8) ജോലി സമയം 8 മണിക്കൂറായി നിശ്ചയിക്കുക.

(9) പ്രൊവിഷണൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുക. പാർട്ട് ടൈം ജീവനക്കാർക്ക് പ്രമോഷൻ നൽകുക.

(10) ജീവനക്കാരെയും ആശ്രിതരെയും പരിഗണിക്കുക.

(ബി) ഈ ആവശ്യങ്ങളെ അടിസ്ഥാനപ്പെടുത്തി ഗവൺമെന്റ് 5-3-1979-ൽ മേൽപ്പറഞ്ഞ സംഘടനാ പ്രതിനിധികളെ ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു വിപുലമായ കോൺഫറൻസ് വിളിച്ചു കൂട്ടുകയുണ്ടായി. പ്രസ്തുത കോൺഫറൻസിൽ എടുത്ത തീരുമാനങ്ങളുടെ മിനിട്സ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ഗ്രൗണ്ട് വാട്ടർ വകുപ്പ്

* 629 [674] ശ്രീ. കെ. വി. കുര്യൻ:

,, വി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഡിവിഷനൽ ഓഫീസുകൾ തുറക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ ഡിപ്പാർട്ടുമെന്റ് വികസിപ്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ?

കൃഷി വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്ബ്): (എ), (ബി) ഇക്കാര്യത്തിൽ ചീഫ് ഹൈഡ്രോ ജിയോളജിസ്റ്റിൽ നിന്നും കിട്ടിയിട്ടുള്ള ചില നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ സജീവ പരിഗണനയിലിരിക്കുകയാണ്.

ആശുപത്രികളിലുള്ള കിടക്കകൾ

* 630 [675] ശ്രീ. ത്യാഗരാജൻ:

,, എ. പി. താമരാക്ഷൻ:

,, കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലുമായി 1978 മാർച്ച് 31 വരെ എത്ര കിടക്കകൾ ഉണ്ടായിരുന്നു;

(ബി) ഈ സാമ്പത്തിക വർഷം എത്ര കിടക്കകൾ കൂടുതലായി അനുവദിച്ചു?

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly